"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ്- ഹയർ സെക്കന്ററി വിഭാഗം- ഹയർ സെക്കന്ററി പരീക്ഷാ മാന്വൽ ഭേദഗതി വരുത്തിക്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(എസ് സി) വകുപ്പ്**

G.O.(Rt) No.8351/2022/GEDN തീയതി,തിരുവനന്തപുരം, 22-12-2022

---

പരാമർശം:-
1. 08/01/2022 ലെ സ.ഉ(സാധാ)നം. 394/2022/പൊ വി വ നമ്പർ ഉത്തരവ്
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ(ഹയർ സെക്കന്ററി വിഭാഗം) 24/11/2022 ലെ ഇ എക്സ്. II/I/13200/എച്ച് എസ്സ് ഇ/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കന്ററി പരീക്ഷാ മാന്വൽ പരിഷ്കരിച്ചുകൊണ്ട് 18.1.2022- ൽ പരാമർശം 1 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരീക്ഷാ ക്യാൻസലേഷനുമായി ബന്ധപ്പെട്ട് നിലവിൽ ഒന്നാം വർഷ പരീക്ഷ കോഴ്സ് ക്യാൻസലേഷന്റെ ഭാഗമായി നടത്തുകയും ടി വിദ്യാർത്ഥികൾക്ക് ഏകജാലകം വഴി വീണ്ടും ഒന്നാം വർഷത്തിൽ പഠിക്കാൻ നിലവിൽ അവസരം ലഭിക്കുന്നുണ്ട്. രണ്ടാം വർഷ പരീക്ഷ പാസ്സായവർക്ക് മറ്റൊരു വിഷയ കോമ്പിനേഷനിൽ സ്കോൾ കേരള വഴി വീണ്ടും സ്പെഷ്യൽ കാറ്റഗറി വിദ്യാർഥികളായി പരീക്ഷ എഴുതുവാൻ അവസരം ലഭ്യമാണ്. എന്നാൽ ഹയർ സെക്കന്ററി പരീക്ഷ വിജയിക്കാനാവാത്ത വിദ്യാർഥികൾക്ക് അവർ പഠിച്ച വിഷയ കോമ്പിനേഷനിൽ മാത്രമെ വീണ്ടും പരീക്ഷയെഴുതുവാൻ അവസരം ലഭിക്കുകയുള്ളൂ. ഇത് ധാരാളം വിദ്യാർഥികൾക്ക് മറ്റൊരു വിഷയ കോമ്പിനേഷനിലൂടെ പ്ളസ് ടു പാസാവുക എന്നതിന് വിഘാതമായി നിൽക്കുന്നു. ഈ സാഹചര്യത്തിൽ ഹയർ സെക്കന്ററി പരീക്ഷ മാന്വൽ പരിഷ്കരിക്കുന്നതിനായി ശിപാർശ പരാമർശം 2 പ്രകാരം പൊതു വിദ്യാഭ്യസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. അതിൻ പ്രകാരം ഹയർ സെക്കന്ററി പരീക്ഷാ മാന്വലിന്റെ അധ്യായം 2-ലെ 4(e) Cancellation of Registration ന്റെ പിരിവ് 1 ൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

1. Application for cancellation of registration **shall be entertained** as per the request of the candidate through the authority concerned and a certificate in this regard will be issued as per norms.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MOHAMAD HANEEFA M M
JOINT SECRETARY

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം,
തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ,ആഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതു ജന സമ്പർക്ക വകുപ്പ്
e-ഓഫീസ് നോട്ടീസ് ബോർഡ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 23-12-2022 10:17:50**

സെക്ഷൻ ഓഫീസർ

**Copy to**

**Private Secretary to Minister (GE&L)**